LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ജില്ലയിലെ അടച്ചുപൂട്ടിയ വ്യവസായങ്ങൾ

7 [939] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. സർക്കാർ അധികാരമേറ്റശേഷം കോഴിക്കോട് ജില്ലയിലെ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഏതെല്ലാം വ്യവസായങ്ങൾ അടച്ചുപൂട്ടി എന്ന് വ്യക്തമാക്കാമോ ;

(ബി) സഹകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ടോ : ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) വ്യവസായങ്ങൾ അടച്ചുപൂട്ടിയതുമൂലം ഓരോ വ്യവസായത്തിലും എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) യു. ഡി. എഫ് സർക്കാർ അധികാരമേറ്റശേഷം കോഴിക്കോട് ജില്ലയിലുള്ള കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡും കേരള ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള യൂണിറ്റായ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസും പ്രവർത്തനരഹിതമാണ്.

(ബി) സഹകാര്യ മേഖലയിൽ 92 വ്യവസായങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്. ഇതിൽ 90 എണ്ണം ചെറുകിട യൂണിറ്റുകളും 2 എണ്ണം ഇടത്തരം യൂണിറ്റുകളുമാണ്.

(സി) പൊതുമേഖലയിലും സഹകാര്യ മേഖലയിലുമായി ആകെ 785 പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

ഐ.എച്ച്.ടി.ടി. എന്ന സ്ഥാപനത്തെ സേലം മാതൃകയിലുള്ള പരിശീലന കേന്ദ്രമായി വികസിപ്പിക്കുന്നതിന് നടപടി

8 [940] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ തോട്ടടയിൽ സ്ഥിതി ചെയ്യുന്ന ഐ.എച്ച്.ടി.ടി. എന്ന സ്ഥാപനത്തെ സേലം മാതൃകയിലുള്ള ഒരു പരിശീലന കേന്ദ്രമായി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ :

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ആയതിന് തുക അനുവദിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) വികസനം എപ്പോൾ നടക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത സ്ഥാപനത്തിന്റെ മേലധികാരി ഏത് പദവിയിലുള്ള ഉദ്യോഗസ്ഥനാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) ടി മേലധികാരിയുടെ വിദ്യാഭ്യാസ യോഗ്യത എന്താണ് ;

(ജി) ടി സ്ഥാപനത്തിന്റെ മേലധികാരിക്ക് വേണ്ട വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(എച്ച്) ടി സ്ഥാപനത്തിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാരുടെ പേര്, തസ്തിക, പൂർത്തിയാക്കിയ വർഷം എന്നി ക്രമത്തിൽ വിശദമാക്കുമോ ;

(ഐ) ഇനിയും സ്ഥിരപ്പെടുത്താനുള്ളവരുടെ പേര്, തസ്തിക, പൂർത്തിയാക്കിയ വർഷം എന്നീ ക്രമത്തിൽ വിവരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2005-2006-ലെ സംസ്ഥാന ബഡ്ജറ്റിൽ സേലത്ത് പ്രവർത്തിക്കുന്ന ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി മാതൃകയിൽ കേന്ദ്ര സഹായത്തോടെ ഒരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി സ്ഥാപിക്കുന്നതിന് 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 18-7-2005-ൽ സർക്കാർ വിളിച്ചുചേർത്ത യോഗത്തിൽ കണ്ണൂരിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ ഉടമസ്ഥതയിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ആന്റ് ടെക്സ്റ്റൈൽ ടെക്നോളജി (IHTT) എന്ന സ്ഥാപനം വികസിപ്പിച്ച് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് ധാരണയായി. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സേലത്തെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജിയെ ചുമതലപ്പെടുത്തി അവർ സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഇല്ല. ബഡ്ജറ്റ് വിഹിതം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പദ്ധതിക്ക് ഭരണാനുമതി ലഭിച്ചാലുടൻ തന്നെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ഇ) നിലവിലുള്ള ഐ.എച്ച്.റ്റി.റ്റി.-യുടെ മേധാവി എക്സിക്യൂട്ടീവ് ഡയറക്ടർ ആണ്.

(എഫ്) നിലവിലുള്ള ഐ.എച്ച്.റ്റി.റ്റി.-യുടെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ വിദ്യാഭ്യാസ യോഗ്യത ബി.കോം., എൽ.എൽ.ബി. ബിരുദം, പി.ജി.ഡി.ബി.എ. ബിരുദം എന്നിവയാണ്.

(ജി) എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയമനത്തിനായി പ്രത്യേക വിദ്യാഭ്യാസ യോഗ്യതകൾ നിശ്ചയിച്ചിട്ടില്ല.

(എച്ച്) ഉണ്ട്. അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. †

(ഐ) അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കമ്പ്യൂട്ടർ ഫോം എന്ന സ്ഥാപനത്തിന് എസ്.എസ്.ഐ. രജിസ്ട്രേഷൻ

9 |941| ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരിയിൽ കമ്പ്യൂട്ടർ ഫോം സ്ഥാപനം തുടങ്ങാൻ എസ്.എസ്.ഐ. രജിസ്ട്രേഷന് വേണ്ടി അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ന് ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത സ്ഥാപനത്തിന് രജിസ്ട്രേഷൻ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്നത്തേക്ക് നൽകുമെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അപേക്ഷ 6-5-2005-ന് ലഭിച്ചു.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത സ്ഥാപനത്തിന് എസ്.എസ്.ഐ. രജിസ്ട്രേഷൻ നൽകുന്നതിന് സ്ഥാപനത്തിന്റെ പേരിലുള്ള പ്രസ്സ് ഡിക്ലറേഷൻ ആവശ്യമാണ്. അപേക്ഷയോടൊപ്പം പ്രസ്തുത ഡിക്ലറേഷൻ ഹാജരാക്കാത്തതിനാൽ 12-1-2006-ൽ അപേക്ഷ തിരിച്ചയച്ചിട്ടുണ്ട്. പ്രസ്സ് ഡിക്ലറേഷൻ സഹിതം അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് എസ്.എസ്.ഐ. രജിസ്ട്രേഷൻ നൽകുന്നതാണ്.

പ്രത്യാശ പദ്ധതിയുടെ നടത്തിപ്പ്

10 [942] ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പി. ജയരാജൻ :
.. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിൽ സർക്കാർ വിഭാവനം ചെയ്ത പ്രത്യാശ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാൻ ഈ സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിൽ എന്തുതുക ചെലവഴിക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

ഈ സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിൽ ചെലവാക്കാനുദ്ദേശിക്കുന്ന തുകയുടെ കണക്ക് എത്രയാണെന്ന് കൃത്യമായി പറയാനാവില്ല. എങ്കിലും യൂണിറ്റുകൾക്ക് നിലവിലുള്ള നിയമപ്രകാരം മാർജിൻമണി, സബ്സിഡി എന്നീ പദ്ധതികളിലൂടെയും മറ്റ് അനുബന്ധ ചെലവുകളും ഉൾപ്പെടെ ഏകദേശം 25 ലക്ഷത്തോളം രൂപ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ, ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനുവേണ്ടി 9,14,000 രൂപ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്കും കൂടി അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly